**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3116** **10.12.2018-ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ടെണ്ടർ നടപടി പൂർത്തിയായ വട്ടവിള-പിരായുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, മാവിളക്കടവ്-പഴയകട, പ്ലാമൂട്ടുകട-മാവിളകടവ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത റോഡ് പ്രവൃത്തികളുടെ വെറ്റ് മിക്സ് ഇടുന്ന പണി പൂർത്തിയായി. 70% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർമ്മാണ പ്രവർത്തനം 2019 മാർച്ച് 31-നു മുൻപ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ; | (ബി) | കാലാവസ്ഥ അനുകൂലമാണെങ്കിൽ 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | അറക്കുന്ന്-പൂവൻകാല റോഡിന്റെ ടാറിംഗ് പണികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത റോഡിൽ 270 മീറ്റർ ദൂരം ഓട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ദൂരം ഓട നിർമ്മിക്കണമെങ്കിൽ ബി.എസ്.എൻ.എൽ-ന്റെ ഒരു പില്ലർ മാറ്റേണ്ടതുണ്ട്. ആയത് മാറ്റുന്നതിന് ബി.എസ്.എൻ.എൽ-ന്റെ നെയ്യാറ്റിൻകര സബ് ഡിവിഷണൽ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | നെയ്യാറ്റിൻകര-കാട്ടാക്കട റോഡിന്റെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (ഡി) | നെയ്യാറ്റിൻകര കാട്ടാക്കട റോഡിൽ 5.65 കി.മീ. ദൂരം ടെൻഡർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. എഗ്രിമെന്റ് ആകുന്ന മുറയ്ക്ക് ടി റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ